2008-ൽ ശുചിത്വ മിഷൻ രൂപീകൃതമായതിനുശേഷം 18 കമ്പോസ്റ്റ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. 5 സംസ്ക്കരണ പ്ലാന്റുകളുടെ പണി നടന്നുവരുന്നു.

(സി) കേരളത്തിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ ശാല ഏതാണെന്ന് വിശദമായ പഠനം നടത്തിയിട്ടില്ല. എങ്കിൽത്തന്നെയും ആറ്റിങ്ങൽ, ചാലക്കുടി എന്നീ മുനിസിപ്പാലിറ്റികളിലും അജാനൂർ, മംഗൽപ്പാടി എന്നീ ഗ്രാമ പഞ്ചായത്തുകളിലും പ്ലാന്റുകൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിയിലെ ഒരു സംയോജിത ഖരമാലിന്യ പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വമിഷൻ അനുമതി നൽകിയിട്ടുള്ളതും ഇതിനായി ഭാഗിക സാമ്പത്തിക സഹായമായി 23.3 ലക്ഷം രൂപ നൽകിയിട്ടുള്ളതുമാണ്. എന്നാൽ പ്ലാന്റ് നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ഏജൻസിയെ തിരഞ്ഞെടുക്കേണ്ടത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

പരവൂർ നഗരസഭാ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തിരുവനന്തപുരത്ത് വെള്ളയമ്പലത്തെ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർക്ക് 6,16,000 രൂപ അഡ്വാൻസായി 10-12-2009-ൽ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഇ) ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനായി നിലവിൽ 25 സർക്കാർ അംഗീകൃത സർവ്വീസ് പ്രൊവൈഡർമാരായും 3 അക്രഡിറ്റഡ് ഏജൻസികളും നിലവിലുണ്ട്.

(എഫ്) ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ പാലക്കാട്, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ തിരുവനന്തപുരം, സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് തിരുവനന്തപുരം എന്നീ 3 അക്രഡിറ്റഡ് ഏജൻസികളാണ് ഉള്ളത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ടി ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ സെന്റർ ഫോർ എൻവയോൺമെന്റ് എന്ന സ്ഥാപനവും, പാലക്കാട് നഗരസഭ, കോങ്ങോട്, പശുപരിയാരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററുമാണ് പ്രവൃത്തി പരിപാലനം നടത്തിവരുന്നത്.

തിരുവനന്തപുരം നഗരസഭയിലെ ഖരമാലിന്യ നിർമ്മാർജ്ജനം

174 (4798) ശ്രീ. കെ കുട്ടി. അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ ഖരമാലിന്യ നിർമ്മാർജ്ജനം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിദിനം എത്ര ടൺ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നു. 2009-10 കാലയളവിൽ എത്ര ടൺ മാലിന്യങ്ങൾ സംസ്കരിച്ചു ; എത്ര ടൺ വളം ഉൽപ്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 2009-10-ൽ സംസ്കരണത്തിനു വേണ്ടി ഏജൻസിക്ക് എത്ര രൂപ നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്കരിക്കുന്ന മാലിന്യത്തിന്റെ എത്ര ശതമാനം വളം ഉൽപ്പാദിപ്പിക്കുന്നു ;

(ഇ) മാലിന്യസംസ്കരണം ഏറ്റെടുത്ത ഏജൻസിക്ക് സംസ്കരണത്തിനു മുൻപരിചയമുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിളപ്പിൽശാലയിലെ ഖരമാലിന്യ സംസ്ക്കരണശാല, സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ്, തൊഴുവൻകോട്, വട്ടിയൂർക്കാവ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷനാണ് പ്രവർത്തിപ്പിക്കുന്നത്.

(ബി) പ്രതിദിനം 200-280 ടൺ മാലിന്യം സംസ്ക്കരിക്കുന്നു. 2009-10 കാലയളവിൽ 67448 ടൺ മാലിന്യം സംസ്ക്കരിച്ചിട്ടുണ്ട്. ഈ കാലയളവിൽ 10943 ടൺ വളം ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന് 2,04,39,156 രൂപ നൽകിയിട്ടുണ്ട്.

(ഡി) മാലിന്യത്തിന്റെ ഏകദേശം 20 ശതമാനം വരെ വളം ഉൽപ്പാദിപ്പിക്കപ്പെടുന്നു.

(ഇ) പ്രസ്തുത ഏജൻസിയെ ഖരമാലിന്യ പരിപാലന പ്രോജക്ടുകളുടെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. ഈ ഏജൻസി ഖരമാലിന്യ പരിപാലനം സംബന്ധിച്ച് കോർപ്പറേഷന് സാങ്കേതിക ഉപദേശം നൽകി വരികയായിരുന്നു. ഈ ഏജൻസിയെ കേന്ദ്ര സർക്കാർ നഗര ഖരദ്രവമാലിന്യ പരിപാലനത്തിനുള്ള സെന്റർ ഓഫ് എക്സലൻസ് ആയി അംഗീകരിച്ചിട്ടുണ്ട്.

നഗരസഭകളിൽ മാലിന്യ സംസ്ക്കരണത്തിന് സ്വീകരിച്ച നടപടികൾ

175 (4799) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം കൊച്ചി, കോഴിക്കോട് നഗരസഭകളിൽ മാലിന്യ സംസ്ക്കരണത്തിനും മലിനജല സംസ്ക്കരണത്തിനും വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാരും വാട്ടർ അതോറിറ്റിയും സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly